**<u>ശ്രദ്ധക്ഷണിക്കൽ</u>**

**(1) <u>ഭൂമി കയ്യേറ്റങ്ങൾ</u>**

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ഭൂമി കയ്യേറ്റങ്ങൾ അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് ഉളവാക്കിയിട്ടുള്ളത്. മലയെന്നോ വയലെന്നോ കായലെന്നോ വ്യത്യാസമില്ലാതെ കയ്യേറ്റങ്ങൾ വ്യാപകമാണ്. അതിനെ ചുറ്റിപ്പറ്റി വളർന്നുവന്ന മാഫിയ സർക്കാരിനേയും നിയമങ്ങളേയും ഒരുപോലെ വെല്ലുവിളിക്കുന്ന കാഴ്ചയാണ് എവിടെയും കാണുന്നത്. വാഗമൺ കയ്യേറ്റം, മൂന്നാർ കയ്യേറ്റം, നെല്ലിയാമ്പതി കയ്യേറ്റം, ഹാരിസൺ, ടാറ്റാ തുടങ്ങിയ വൻകിടക്കാരുടെ കയ്യേറ്റം, ഇങ്ങനെ എത്രയെത്ര കയ്യേറ്റങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് വളരെ വ്യാപകമായി നടന്നുവരുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ ഉറക്കികിടത്തി വൻതോതിൽ പാടശേഖരങ്ങൾ സ്വന്തമാക്കി മാഫിയകൾ അവ നികത്തിയും അല്ലാതെയും നിയമലംഘനം തുടരുകയാണ്. റവന്യൂ അധികൃതരും പോലീസും കൃഷിവകുപ്പും ഈ വൻ കൊള്ളയും നിയമലംഘനവും സൗകര്യപൂർവ്വം പലപ്പോഴും കണ്ടില്ലെന്ന് നടിക്കുന്നതായിട്ടാണ് നമുക്ക് ബോദ്ധ്യമാകുന്നത്. പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളായി കണ്ടെത്തിയ പ്രദേശങ്ങളും കയ്യേറ്റ പരിധിയിൽ വരുന്നു എന്നതും പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ കൂടുതൽ തീവ്രമാക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇതൊരിക്കലും കണ്ടില്ലെന്ന് നടിച്ചുകൂട. ഇച്ഛാശക്തിയോടുകൂടി ഇതിനെതിരെ കർശന നടപടി സ്വീകരിക്കണം. 19-ാം നൂറ്റാണ്ടിന്റെ അവസാനവും 20-ാം നൂറ്റാണ്ടിന്റെ

ആരംഭത്തിലും വിവിധ ബ്രിട്ടീഷ് കമ്പനികൾ തേയില, കാപ്പി, ഏലം എന്നിവ കൃഷി ചെയ്യുന്നതിന് രാജാക്കൻമാരിൽനിന്നും ജൻമിമാരിൽ നിന്നും പാട്ടത്തിന് വാങ്ങിയതാണ് എഴുപതിനായിരത്തിൽപ്പരം ഏക്കർ വരുന്ന മലയാളം പ്ലാന്റേഷന്റെ ഇപ്പോഴത്തെ ഭൂമി. റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനി, റബ്ബർ ഇൻവെസ്റ്റുമെന്റ് കമ്പനി തുടങ്ങി വിവിധ പേരുകളിൽ അറിയപ്പെടുന്ന ഈ കമ്പനികളുടെയെല്ലാം മേൽവിലാസം, നമ്പർ 4/10, ഗ്രേറ്റ് ടവർ ഇൻ ലണ്ടൻ എന്നായിരുന്നു. ജോൺ മാത്യു എന്ന സായിപ്പായിരുന്നു എല്ലാ കമ്പനികളുടെയും മാനേജർ. വിവിധ പേരുകളിൽ അറിയപ്പെടുന്ന ഈ കമ്പനികൾ 1923-ൽ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയായി രജിസ്റ്റർ ചെയ്തു. വസ്തുവകകൾ പുതിയ കമ്പനിയുടെ പേരിലാക്കി ആധാരം മാറ്റുകയും ചെയ്തു. ജോൺ മാത്യൂ, അദ്ദേഹത്തിനുതന്നെ ഭൂമി കൈമാറിയതായിട്ടാണ് ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1600/1923 നമ്പരിലുള്ള ഈ ആധാരംതന്നെ വ്യാജമാണെന്നാണ് മനസ്സിലാക്കുന്നത്. മുൻ ആധാരത്തിൽ ഹാരിസൺ ആധാരമായി കാണിക്കുന്നത് ഇതുതന്നെയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇരുപതിനായിരത്തിൽപ്പരം ഏക്കർ ഭൂമി ഹാരിസൺ ഇതുവരെ വിറ്റിട്ടുള്ളത്. പുതിയ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഈ വില്പനയെല്ലാം അസാധുവാക്കാൻ നിയമപരമായി കഴിയുന്നതാണ്. നിലവിൽ മലയാളം പ്ലാന്റേഷനെന്ന കമ്പനിയുടെ പേരിലാണ് കരം അടച്ചുവരുന്നത്. അതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഇപ്പോഴും ബ്രിട്ടീഷ് കമ്പനിയുടെ പക്കലാണെന്നുവേണം മനസ്സിലാക്കാൻ. അതിനാൽ ഹാരിസൺ-ന്റെ കൈവശമുള്ള മുഴുവൻ

ഭൂമിയും സർക്കാർ ഏറ്റെടുക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്നുള്ളതാണ് നിയമ വിദഗ്ധരുടെ അഭിപ്രായം. കമ്പനി കോടതിയിൽ ഉന്നയിച്ച എല്ലാ കാര്യവും തെറ്റാണെന്ന് സമർത്ഥിക്കുന്ന കണ്ടെത്തലാണ് ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യമാകുന്നത്. ഈ നിലയ്ക്ക് 8 ജില്ലകളിലായി 100000 ഏക്കർ സർക്കാർ ഭൂമി ഹാരിസൺ മലയാളം ലിമിറ്റഡ് കയ്യേറിയതായി പരക്കെ ആക്ഷേപമുണ്ട്. കൂടാതെ 100000 ഏക്കർ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ച് കടത്തുന്നതും ഭൂമി തുണ്ടുതുണ്ടായി വിൽക്കുന്നതും വിലക്കിക്കൊണ്ട് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഇത് കർശന വ്യവസ്ഥകളോടെ സർക്കാർ നടപ്പിലാക്കണം. അതുപോലെ വൻകിട കയ്യേറ്റക്കാരുടെ പട്ടികയിലുള്ള ടാറ്റയും കേരളത്തിലെ വാഗമൺ മണ്ണിൽ ഏക്കർ കണക്കിന് ഭൂമിയാണ് അനധികൃതമായി കയ്യേറിയിട്ടുള്ളത്. കൂടാതെ വ്യാജപ്രമാണങ്ങൾ ചമച്ച് ഭൂമാഫിയകളും ഏക്കർ കണക്കിന് സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ട്. മുമ്പ് സർക്കാർ നിർദ്ദേശപ്രകാരം വാഗമൺ-ലെ കയ്യേറ്റം പരിശോധിക്കാനെത്തിയ **രാജൻ മധേഡ്ക്കർ** കമ്മീഷൻ 21 വൻകിട കയ്യേറ്റക്കാർ വാഗമണിലുണ്ടെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ പല കയ്യേറ്റക്കാരും പിന്നീട് രേഖകളുണ്ടാക്കി ഭൂമി സ്വന്തമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ മിച്ചഭൂമി അത്തരത്തിൽ കൊള്ളയടിക്കപ്പെട്ടിരിക്കുകയാണ്. കൂടാതെ അട്ടപ്പാടിയിലെ ആദിവാസി ഭൂമിയും നെല്ലിയാമ്പതിയിലെ വനഭൂമിയും മാഫിയകളുടെ കടന്നുകയറ്റത്തിന് ഞെരിപിരി കൊള്ളുകയാണ്.

ഇതുപോലെ വയൽ നികത്തിയും കുന്ന് ഇടിച്ചും പുഴ, പുറമ്പോക്ക് കയ്യേറ്റം തകൃതിയായി നടന്നുവരികയാണ്. കുടിവെള്ളം കിട്ടാതെ നാടിന്റെ തൊണ്ട വരളുമ്പോഴാണ് ഭൂമിയുടെ ജലസംഭരണികളായി കരുതപ്പെടുന്ന പുഴകളും വയലുകളും തണ്ണീർത്തടങ്ങളും കുന്നുകളും പാറക്കെട്ടുകളുമെല്ലാം നശിപ്പിക്കാനുള്ള ആർത്തിയുമായി ഇത്തരത്തിലുള്ള കയ്യേറ്റക്കാർ ഇന്ന് നമ്മുടെ സംസ്ഥാനത്ത് വ്യാപകമാകുന്നത്. നാളെ കുടിക്കാൻ വെള്ളമുണ്ടാകുമോ എന്നതുപോലും അവർക്കൊരു പ്രശ്നമല്ല. പൊൻമുട്ടയിടുന്ന താറാവിന്റെ വയറുകീറിയ ദുരാഗ്രഹിയെപ്പോലെയാണ് ഈ മാഫിയകളുടെ പ്രവർത്തനം. ഭവന രഹിതരും ഭൂ രഹിതരുമായ നിരവധി കുടുംബങ്ങൾ ആർത്തൻമാരായി കഴിയുന്ന കേരളത്തിൽ ഇത്തരം നിയമലംഘനങ്ങൾ ഒരു കാരണവശാലും അനുവദിച്ചുകൂട. ആദിവാസികളുടെ ഭൂമിപോലും ഇവർ വ്യാപകമായി കയ്യേറുകയാണ്. എല്ലാ അച്ചടി-ദൃശ്യ വാർത്താമാധ്യമങ്ങളിലും നിത്യവും കയ്യേറ്റ വാർത്തകൾകൊണ്ട് നിറയുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ തല ചായ്ക്കാൻപോലും ഒരിടമില്ലാത്ത ദരിദ്രനാരായണൻമാരുടെ സമൂഹമദ്ധ്യേ ഇത്തരം നിയമവിരുദ്ധരും ഭീകരരുമായവരുടെ കയ്യേറ്റങ്ങൾ അരങ്ങേറുകയാണ്. എന്നാൽ ഇത് ഏറെ ലജ്ജാകരമാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി ഇത്തരം അനധികൃതമായ കയ്യേറ്റഭൂമികൾ പിടിച്ചെടുക്കാൻ ശ്രമിക്കണം. വൻകിട തോട്ടം ഉടമകളാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ആളുകൾ. അതുപോലെ തന്നെ കൃഷി വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല, നെൽവയൽ തണ്ണീർത്തട നിയമം ഈ നിയമസഭ പാസ്സാക്കിയതാണ്. കൃഷി വകുപ്പിന് ഇപ്പോഴും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി ഡേറ്റാബാങ്ക് ഉണ്ടാക്കാനും കഴിഞ്ഞിട്ടില്ല.

സാറ്റലൈറ്റ് ഡേറ്റാബാങ്ക് ആവശ്യമില്ല. കഴിഞ്ഞ ബഡ്ജറ്റിൽ 8 കോടി രൂപ ഇതിനുവേണ്ടി മാറ്റിവയ്ക്കുകയുണ്ടായി. അതുകൊണ്ട് ഇത്തരത്തിലുള്ള വൻകിട കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും അനധികൃതമായി സർക്കാരിന്റെ ഭൂമി കൈവശപ്പെടുത്തി മാഫിയകളായി പ്രവർത്തിക്കുന്ന വൻകിട തോട്ടം ഉടമകളുടെ ഭൂമി പിടിച്ചെടുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാകണം. അതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. അതാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വാഗമൺ കയ്യേറ്റം, മൂന്നാർ കയ്യേറ്റം എന്നിവ ഉൾപ്പെടെ ഇടുക്കി ജില്ലയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള എല്ലാ അനധികൃത ഭൂമി കയ്യേറ്റങ്ങൾക്കെതിരെയും കേരള ഭൂസംരക്ഷണ നിയമപ്രകാരവും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമപ്രകാരവും നടപടി സ്വീകരിച്ചുവരുന്നതാണ്. അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ഒഴിപ്പിക്കുന്നതിനായി അഡീഷണൽ തഹസിൽദാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാക്സ് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതും കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നതുമാണ്. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ, ബഹു. കേരള ഹൈക്കോടതി, മറ്റ് കോടതികൾ എന്നിവിടങ്ങളിൽ നിലനിൽക്കുന്ന കേസ്സുകളൊഴികെയുള്ള എല്ലാ കയ്യേറ്റങ്ങൾക്കെതിരെയും നടപടിയെടുത്തുവരുന്നതും ഏറ്റെടുത്ത

സർക്കാർ ഭൂമികളിൽ തുടർ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ബോർഡുകളും ജെണ്ടകളും സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നതുമാണ്. കൂടാതെ അതാത് വില്ലേജ് ഓഫീസർമാരും ചാർജ് ഓഫീസർമാരും കാലാകാലങ്ങളിൽ സർക്കാർ ഭൂമികളിൽ പരിശോധന നടത്തി വരുന്നതുമാണ്. പാലക്കാട് ജില്ലയിലെ നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി മേഖലയിൽ 8499.065 ഏക്കർ വരുന്ന 52 എസ്റ്റേറ്റുകൾ വിവിധ കാലഘട്ടങ്ങളിൽ വിവിധ വ്യക്തികൾക്ക് പാട്ട വ്യവസ്ഥയിൽ മുൻ തിരു-കൊച്ചി സർക്കാരുകൾ നൽകിയിരുന്നു. ആയതിൽ പാട്ടക്കാലാവധി കഴിഞ്ഞതിനെത്തുടർന്ന് 613.87 ഏക്കർ വരുന്ന 4 തോട്ടങ്ങളും 1980-ലെ കേന്ദ്ര വനസംരക്ഷണത്തിന്റെ ലംഘനം, 1961-ലെ വനനിയമത്തിന്റെ ലംഘനം, പാട്ടത്തിന് നൽകിയ വനഭൂമി വിഭജിച്ച് സർക്കാർ അനുമതി കൂടാതെ കൈമാറ്റം നടത്തൽ, അനധികൃത മരംമുറി, അനധികൃത റിസോർട്ട് നിർമ്മാണം, പാട്ടക്കരാർ ലംഘനത്തെത്തുടർന്ന് 761.29 ഏക്കർ വരുന്ന 7 തോട്ടങ്ങൾ, മീരാ ഫ്ളോറസ് 5 മീറ്റർ ഉൾപ്പെടെ സർക്കാർ ഏറ്റെടുക്കുകയുണ്ടായി. ഇതിൽ 351.36 ഏക്കർ വരുന്ന തൂത്തുംപാറ എസ്റ്റേറ്റ് വനംവകുപ്പ് നേരിട്ട് പരിപാലിച്ചുവരുന്നു. 33.4 ഹെക്ടർ വരുന്ന 2 തോട്ടങ്ങൾ ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നു. ബാക്കി തോട്ടങ്ങൾ വിളപരിപാലനത്തിനായി കെ.എഫ്.ഡി.സി.ക്ക് കൈമാറിയിട്ടുണ്ട്. ഗുരുതരമായ പാട്ടക്കരാർ ലംഘനം നടത്തിയ 1918.24 ഏക്കർ വരുന്ന 5 തോട്ടങ്ങൾ ഏറ്റെടുക്കാൻ സർക്കാർ ഉത്തരവായെങ്കിലും തോട്ടത്തിന്റെ കൈവശക്കാർ ബഹു. ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ

ഉത്തരവ് സമ്പാദിച്ചിട്ടുള്ളതിനാൽ തോട്ടം സർക്കാരിലേയ്ക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. കേസ്സിൽ സർക്കാർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്ത് സ്റ്റേ നീക്കികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാട്ടക്കരാർ ലംഘനം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 4147.03 ഏക്കർ വരുന്ന 29 തോട്ടങ്ങൾ **അലക്സാൻട്രിയ എ-8-ബീറ്റ്, അലക്സാൻട്രിയ ബീറ്റ്, 6 ബീറ്റ്** ഉൾപ്പെടെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ പാട്ടത്തിന് നൽകിയ വനഭൂമി വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി ലോണെടുത്തതായുള്ള കാര്യങ്ങൾ നിലവിൽ സി.ബി.ഐ. അന്വേഷിച്ചുവരികയാണ്. ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർ എം. വി. രാജമാണിക്യം, ഐ.എ.എസ്., കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ വിവിധ എസ്റ്റേറ്റുകൾ പരിശോധിച്ച് സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. പ്രസ്തുത ഭൂമിയിൽ നിന്നും ഒഴിപ്പിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫോം 8 നോട്ടീസ് 18.01.2014-ന് എച്ച്.എം.എൽ. കമ്പനിക്ക് അയച്ചിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ 4 ഉദ്യോഗസ്ഥരും ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയിലെ 4 പ്രതിനിധികളും ഉൾപ്പെടെ 8 പേർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം, 13/1/ഡി, 13/2 പ്രകാരം വിജിലൻസ് കേസ് തിരുവനന്തപുരം പ്രത്യേക അന്വേഷണ

യൂണിറ്റ് II–ൽ 1.11.2013–ൽ ബി.സി. 9/13 S.I.U.-II നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 1957–ലെ ഭൂസംരക്ഷണ നിയമപ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയ 41000 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിനുവേണ്ട നടപടികൾക്ക് ശുപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഹൈക്കോടതിയിൽ വിജിലൻസ് കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ വിജിലൻസ് കേസ് സംബന്ധമായി ബഹു. ഹൈക്കോടതിയിൽ ഇന്ന് സ്റ്റേ നിലനിൽക്കുകയാണ്. സംസ്ഥാന സർക്കാർ 1955–ലെ **ഇടവകകൽ റൈസ് അക്വിസിഷൻ ആക്ട്** മുഖേന **പൂഞ്ഞാർ, നഞ്ഞിപ്പുഴ, കിടപ്പള്ളി,** കിളിമാനൂർ എന്നീ ഇടവകകളുടെ കൈവശമുണ്ടായിരുന്ന സ്വയംഭരണ വില്ലേജുകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ പൂഞ്ഞാറിന്റെ സ്വത്തുക്കൾ രാജഭരണ കാലത്ത് തിരുവിതാംകൂർ സർക്കാർ ഏറ്റെടുത്തിരുന്നു. ഈ രണ്ട് ഏറ്റെടുക്കലിനും പുറമെ 1971–ലെ കെ.ഡി.എച്ച്. റിസംപ്ഷൻ ഓഫ് ലാന്റ്സ് ആക്ട് പ്രകാരം കെ.ഡി.എച്ച്. വില്ലേജിലെ 137424 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു.

മേൽപ്പടി ഭൂമിയിൽ നിന്നും 57,19,266 ഏക്കർ ഭൂമി LBA2/5227/71 തീയതി 29.3.1974 പ്രകാരം ടാറ്റായുടെ കൈവശം നിലനിർത്തിയിരുന്നു. കെ.എൽ.ആർ. ആക്ടിലെ സെക്ഷൻ 81 പ്രകാരം ഇളവ് നൽകി നില നിർത്തിയ ഭൂമിയുടെ വിനിയോഗം സെക്ഷൻ 87 പ്രകാരം നിയന്ത്രിച്ചിട്ടുള്ള താണ്. മേൽപ്പടി ഭൂമി ഏത് ആവശ്യത്തിനാണോ ഇളവ് നൽകിയിട്ടുള്ളത്

പ്രസ്തുത ആവശ്യത്തിനുമാത്രം ഉപയോഗിക്കേണ്ടതും, മറിച്ചായാൽ സെക്ഷൻ 87–ലെ എക്സ്പ്ലനേഷൻ 2 പ്രകാരം മിച്ചഭൂമിയായി സർക്കാരിൽ വന്നുചേരുന്നതുമാണ്. ഭൂപരിഷ്ക്കരണ നിയമത്തിലെ സെക്ഷൻ 82–ൽ വ്യക്തികൾക്കും കമ്പനികൾക്കും കുടുംബങ്ങൾക്കും കൈവശം വയ്ക്കാവുന്ന ഭൂപരിധി നിശ്ചയിച്ചിട്ടുണ്ട്. യഥാക്രമം പരമാവധി 7½ ഏക്കർ, 15 ഏക്കർ, 20 ഏക്കർ എന്നീ സാധാരണ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. ശേഷിക്കുന്നതിൽ പ്ലാന്റേഷനല്ലാത്ത ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും പ്ലാന്റേഷൻ, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം മുതലായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയ്ക്ക് സെക്ഷൻ 87 ലെ നിയന്ത്രണത്തോടെ സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ചുവരുന്നു. കെ.എൽ.ആർ. ആക്ടിലെ സെക്ഷൻ 83 പ്രകാരം സംസ്ഥാനത്ത് ഒരു വ്യക്തിയും കുടുംബവും സെക്ഷൻ 82–ൽ പരാമർശിക്കുന്ന ഭൂപരിധിയിൽ അധികം കൈവശം വയ്ക്കാനോ, ഉടമസ്ഥതയിൽ വയ്ക്കാനോ പാടില്ല. ഈ നിയമം കർശനമാക്കിയാൽ പല സ്ഥലങ്ങളിൽ പല പേരുകളിൽ ഭൂമി വാങ്ങിക്കൂട്ടുന്ന ഭൂമാഫിയകളെ നിയന്ത്രിക്കാവുന്നതാണ്. സെക്ഷൻ 87 പ്രകാരം വിനിയോഗം നിയന്ത്രിച്ചിട്ടുള്ളതും സെക്ഷൻ 81 പ്രകാരം ഇളവ് അനുവദിച്ചിട്ടുള്ളതുമായ ഭൂമിയുടെ മുറിച്ച് വിൽപ്പനയും തരംമാറ്റവും നിയമവിരുദ്ധമായി നടന്നുവരുന്ന കേസുകളിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഭൂപരിഷ്ക്കരണ നിയമപ്രകാരം ഭൂജന്മിക്ക് മാത്രമല്ല സെക്ഷൻ 82–ലെ സീലിംഗ് പരിധി ബാധകമായിട്ടുള്ളത്. ജന്മിയുടെ കീഴിലെ കുടിയാന് സീലിംഗ് പരിധി ബാധകമാണെന്ന കാര്യം 3, 8, 13, 57, 72 എന്നീ

സെക്ഷനുകളിൽ വളരെ വ്യക്തമായി വിവരിച്ചിട്ടുള്ളതാണ്. കുടിയാനുള്ള ഭൂമി പ്ലാന്റേഷനാണെങ്കിൽ പരമാവധി 30 ഏക്കർ അനുവദിക്കണമെന്ന ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ അവരും അവരുടെ മുൻഗാമികളും കേരളത്തിലെ കുടിയാൻ അഥവാ ടെനന്റ് ആയിരുന്നു എന്നാണ് മെസേഴ്സ് ഹാരിസൺ മലയാളം ലിമിറ്റഡ് പോലെയുള്ള വിദേശകമ്പനികൾ കോടതികളിൽ വാദിച്ചത്. കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ സെക്ഷൻ 72 പ്രകാരം സീലിംഗ് പരിധി കഴിഞ്ഞിട്ടുള്ള ഭൂമി സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ടി ഭൂമി കുടികിടപ്പവകാശത്തോടെ തങ്ങൾക്ക് ലഭിച്ചുവെന്നുമുള്ള തെറ്റായ നിയമവിരുദ്ധമായ പരാമർശങ്ങളാണ് അവർ ഉന്നയിക്കുന്നത്. ഒരു ലാന്റ് ട്രൈബ്യൂണലുകളും കുടികിടപ്പുകാർക്ക് സീലിംഗ് പരിധിയിലധികം ഭൂമിക്ക് പട്ടയം അനുവദിക്കാൻ പാടില്ല. ഇക്കാര്യങ്ങൾ കർശനമാക്കിയാൽ തന്നെ ഇത്തരത്തിൽ സീലിംഗ് പരിധി കഴിഞ്ഞ പട്ടയങ്ങൾ റദ്ദ് ചെയ്ത ഭൂമി തിരിച്ചെടുത്ത് ഭൂരഹിതർക്ക് നൽകാൻ കഴിയും. സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുകയും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും, പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കും. അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകൃതമായ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 12.8.2008 മുതൽ പ്രാബല്യത്തിൽ വന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും പരിസ്ഥിതി സംരക്ഷണമുറപ്പുവരുത്തുന്നതിനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ടാറ്റയും ഹാരിസൺ മലയാളം ലിമിറ്റഡും പോലെയുമുള്ള വൻകിട തോട്ടമുടമകൾ ജനാധിപത്യഭരണകൂടങ്ങളെ വെല്ലുവിളിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ, നിലവിൽ നിയമങ്ങളെല്ലാമുണ്ടായിട്ടുപോലും ശതകോടീശ്വരന്മാരായ വൻകിട തോട്ടമുടമകൾ സർക്കാരിനേയും നിയമങ്ങളേയും വെല്ലുവിളിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുൾപ്പെടെയുള്ള കോടതികളിൽ ബെഞ്ചുകൾ മാറ്റി മാറ്റി കേസുകൾ ദുർബലമാക്കാൻ ശ്രമം നടന്നുവരികയാണ്. ഇത്തരം കേസുകൾ ജയിക്കാൻ ബോധപൂർവ്വമായ ഇടപെടൽ ഇല്ലാതിരിക്കുകയും, കോടതിക്കകത്ത് പല സർക്കാർ അഭിഭാഷകരും കേസിനെ ദുർബലമാക്കുന്ന രീതിയിൽ വാദിക്കുന്നതുമാണ് വനം വകുപ്പിന്റെ പല കേസുകളും പരാജയപ്പെടുന്നതിന് കാരണം. അതുകൊണ്ടാണ് ചിലകേസുകൾക്ക് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ വയ്ക്കണമെന്ന് ഞങ്ങൾ വാദിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇത്തരം വൻകിട തോട്ടമുടമകളെ നിലയ്ക്ക് നിർത്താനും അവിടത്തെ ഭൂമി പിടിച്ചെടുക്കാനും വേണ്ടി ശ്രമം നടത്തുന്നുണ്ട്. കോടതികളിൽ നിന്നുമുള്ള ഇത്തരം അനുഭവങ്ങൾ സൂചിപ്പിക്കുന്നത് അങ്ങയുടെ ആത്മാർത്ഥമായ ശ്രമങ്ങൾക്ക് ഫലമുണ്ടാകുന്നില്ലെന്നുള്ളതാണ്. അതിനാൽ ഇത്തരം കേസുകളുടെ കാര്യത്തിൽ റവന്യൂ വകുപ്പും വനം വകുപ്പും കുറച്ചുകൂടി ശുഷ്കാന്തി കാണിക്കാൻ തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട ശ്രീ. റ്റി. എൻ. പ്രതാപൻ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ചോദിച്ചിരിക്കുന്നത്. അതായത് ഹാരിസൺ മലയാളം ലിമിറ്റഡ് പോലെയുള്ള വൻകിടക്കാർക്ക് കോടതികളിൽ

ഒന്നും രണ്ടും കേസുകളല്ല, നിരവധി കേസുകളാണുള്ളത്. വിവിധ കാര്യ ങ്ങൾക്കായി ഏതാണ്ട് 140 ഓളം കേസുകൾ ഇവർക്കുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തൊഴിലാളികളുമായി ഒരു അഭിപ്രായവ്യത്യാസമുണ്ടാ യാൽ അവരുടെ സ്വാധീനമുപയോഗിച്ച് സ്റ്റേ വാങ്ങി ആ കേസ് പെന്റിംഗിൽ നിർത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള നിരവധി കാര്യ ങ്ങളാണ് അവർ ചെയ്യുന്നത്. ഇവർക്കെതിരെ കേസെടുക്കുവാനും അവരെ അറസ്റ്റുചെയ്യുവാനുമുള്ള ഒരു നിർദ്ദേശം വിജിലൻസിന് കിട്ടി. ആ നിർദ്ദേശം വന്നപ്പോൾ തന്നെ ഇവർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിയിരിക്കുകയാണ്. ഇത് നടപ്പാക്കുവാൻ പാടില്ലെന്ന് പറഞ്ഞ് ആദ്യം ഒരു മാസം സ്റ്റേ കിട്ടി, രണ്ടാമത് ഒരിക്കൽ കൂടി സ്റ്റേ നീട്ടി ക്കൊടുത്തിരിക്കുകയാണ്. ഞാൻ ഒരു കാര്യം വളരെ വ്യക്തതയോടെ പറ യാൻ ആഗ്രഹിക്കുന്നു. അനധികൃതമായി ഭൂമി കൈവശം വച്ചിട്ടുള്ളതും, ഇങ്ങനെ ഭൂമി കൈവശം വച്ച് അവർക്ക് എന്തും ചെയ്യാമെന്നുള്ള ധിക്കാര ത്തോടുകൂടി മുമ്പോട്ടു പോകുന്ന ആരാണെങ്കിലും അവർക്കെതിരെ ശക്ത മായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിരിക്കുമെന്ന കാര്യ ത്തിൽ യാതൊരു സംശയവുമില്ല. കോടതിയുടെ കാര്യമൊക്കെ ഇവിടെ സൂചിപ്പിച്ചു. നിർഭാഗ്യവശാൽ ഹാരിസൺ മലയാളം ലിമിറ്റഡുമായി ബന്ധ പ്പെട്ട പല പ്രധാനപ്പെട്ട കേസുകളും ചെന്നപ്പോൾ പല ബഞ്ചുകളും മാറിമാ റിപ്പോയി, അത് എന്താണെന്നതിനെക്കുറിച്ച് എനിക്ക് കൃത്യമായി പറയാൻ കഴിയുന്നില്ല. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡ് പോലെയുള്ള തോട്ടമുടമകളിൽ നിന്നും ഭൂമി തിരിച്ചെ

ടുക്കണമെന്ന നിലപാട് തന്നെയാണ് ഈ കാര്യത്തിൽ ഗവൺമെന്റിനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ കോടതികളിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് കുറച്ചുകൂടി ശുഷ്കാന്തി കാണിക്കണമെന്ന ഒരു പരാമർശം ശ്രീ. റ്റി. എൻ. പ്രതാപൻ നടത്തുകയുണ്ടായി. ഞങ്ങൾ അതെല്ലാം വെരിഫൈ ചെയ്യുകയാണ്. നേരത്തേ ഉണ്ടായ കേസിന്റെ നമ്പരോ മറ്റ് കാര്യങ്ങളോ പറയാത്തതുകൊണ്ട് പ്രത്യേകമായി ഒരു കേസിനെ സംബന്ധിച്ച് എനിക്ക് പറയാൻ കഴിയില്ല. പക്ഷേ പൊതുവേ കേസുകൾ പ്രോപ്പറായി നടത്തണം. വേണ്ട വിധത്തിൽ റപ്രസന്റ് ചെയ്യണം. ഗവൺമെന്റിന്റെ ഇന്റൻഷൻ കോടതിയിൽ പ്രതിഫലിച്ചിരിക്കണം. അതിന് പറ്റത്തക്ക വിധത്തിലുള്ള ഒരു സംവിധാനം കോടതിയിൽ ഉണ്ടാക്കുമെന്നതാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് അതിനെക്കുറിച്ച് അറിയിക്കാനുള്ളത്.

**(2) റെയിൽവേ കോച്ച് നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം**

ശ്രീ. എം. ഹംസ: സർ, പാലക്കാട് കോച്ച് ഫാക്ടറി എന്നത് കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ്. 2012 ഫെബ്രുവരി 21-ാം തീയതി അന്നത്തെ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. ദിനേശ് ത്രിവേദിയാണ് ഇതിന് തറക്കല്ലിട്ടത്. 2014 ഫെബ്രുവരി മാസം 21-ാം തീയതി തറക്കല്ലിട്ടതിന്റെ രണ്ടാം വാർഷികം നല്ലരീതിയിൽ ആഘോഷിക്കാൻ സാധിക്കും. കോച്ച് ഫാക്ടറിക്കായി തറക്കല്ലിട്ടതിനുശേഷം മറ്റൊരു പണിയും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇന്ത്യയുടെ മുൻ പ്രധാന

മന്ത്രി ഇന്ദിരാഗാന്ധിയാണ് പാലക്കാട് കോച്ച് ഫാക്ടറി ആരംഭിക്കാമെന്ന് വാഗ്ദാനം നൽകിയത്. പഞ്ചാബിലെ പ്രശ്നം വന്നപ്പോൾ അത് പഞ്ചാബിലേയ്ക്ക് പോയി. കേരളത്തിലെ ജനങ്ങൾ വലിയ തോതിലുള്ള വികാരം പ്രകടിപ്പിച്ചു. കോച്ച് ഫാക്ടറി സംഭവത്തെത്തുടർന്ന് കേരള മന്ത്രിസഭയിലെ ഒരു മന്ത്രി അതിരുകടന്ന് പ്രസംഗിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനംപോലും ഇല്ലാതായിട്ടുണ്ട്. രണ്ടാമതായി, തമിഴ്നാട്ടിന് സേലം ഡിവിഷൻ വേണമെന്നും പാലക്കാട് ഡിവിഷനെ വിഭജിക്കണമെന്നുമുള്ള ആവശ്യമുയർന്നപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് വല്ലാത്ത ഉത്കണ്ഠയുണ്ടായി. ആ സന്ദർഭത്തിൽ സേലം ഡിവിഷൻ പാടില്ല എന്ന തീരുമാനമല്ല ഗവൺമെന്റ് എടുത്തത്. പാലക്കാട് ഡിവിഷന്റെ അധികാരങ്ങളോ പദവിയോ നഷ്ടപ്പെടാതിരിക്കണമെന്ന ദേശീയ നയത്തിലധിഷ്ഠിതമായിട്ടുള്ളൊരു വികാരമാണ് കേരളം പ്രകടിപ്പിച്ചത്. കേരളാ ഗവൺമെന്റുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അന്നത്തെ റെയിൽവേ വകുപ്പുമന്ത്രി ലാലു പ്രസാദ് യാദവ് കേരളത്തിൽ പാലക്കാട് കോച്ച് ഫാക്ടറി തരാമെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദന് ഉറപ്പുകൊടുത്തു. അന്നത്തെയും ഇന്നത്തെയും പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് തന്നെയാണ്. അങ്ങനെ പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടി അന്നത്തെ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മന്ത്രിസഭയും വളരെ ശക്തമായി ഇടപെടൽ നടത്തി കഞ്ചിക്കോട് കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിശ്രമം നടത്തി. ഇതിനായി 430.59 ഏക്കർ സ്ഥലമാണ് അന്ന് ഫാസ്റ്റ് ട്രാക്കിലൂടെ എടുത്തുകൊടുത്തത്. ആദ്യം 900 ഏക്കർ സ്ഥലം വേണമെന്ന് പറഞ്ഞിരുന്നു. പിന്നീട് 1000 ഏക്കർ സ്ഥലം വേണമെന്ന് പറഞ്ഞു. എത്ര

ഏക്കർ സ്ഥലം വേണമെങ്കിലും തരാമെന്നാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്. സാധാരണ ഗതിയിൽ ലാന്റ് അക്വിസിഷൻ നടപടിയെടുക്കുമ്പോൾ ജനങ്ങളുടെ ഭാഗത്തുനിന്ന് വല്ലാത്ത അമർഷവും പ്രതിഷേധവുമുണ്ടാകാറുണ്ട്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് 1000 ഏക്കർ ഭൂമി ലാന്റ് അക്വിസിഷൻ വഴി എടുക്കുകയെന്ന് പറയുന്നത് ചെറിയൊരു കാര്യമല്ല. എന്നാൽ സഖാവ് വി. എസ്. അച്ചുതാനന്ദൻ തന്നെ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ജനങ്ങളോട് ഇക്കാര്യത്തെകുറിച്ച് പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയും അദ്ദേഹം തന്നെ നേരിട്ട് ഇടപെട്ട് 430.59 ഏക്കർ സ്ഥലം അക്വയർ ചെയ്ത് റെയിൽവേയ്ക്ക് കൈമാറാൻ തയ്യാറാകുകയും ചെയ്തു. എന്നാൽ 239 ഏക്കർ സ്ഥലം മാത്രം മതിയെന്ന് റെയിൽവേ പറഞ്ഞു. റെയിൽവേയുടെ ആവശ്യപ്രകാരം 239 ഏക്കർ ഭൂമി റെയിൽവേക്ക് കൈമാറിയതിനുശേഷം അവിടെ എന്താണ് സംഭവിച്ചത്. അവിടെ കുറച്ച് സ്ഥലത്ത് കമ്പിവേലിയും കുറച്ചു സ്ഥലത്ത് മതിലും കെട്ടി. മതിലുകെട്ടിയതുകൊണ്ടും കമ്പിവേലി കെട്ടിയതു കൊണ്ടും കേരളത്തിന്റെ സ്വത്ത് റെയിൽവേയുടെ കയ്യിലാക്കിയിട്ടും കേരളത്തിന് എന്തെങ്കിലും പ്രയോജനമുണ്ടോ? കേരളത്തിന് വേണ്ടത് കോച്ച് ഫാക്ടറിയാണ്. കോച്ച് ഫാക്ടറി ഇല്ലാത്തതിന്റെ ബുദ്ധിമുട്ടിനെ സംബന്ധിച്ച് ഇന്ത്യൻ റെയിൽവേ അതിന്റെ പത്ത് വർഷക്കാലത്തെ പദ്ധതിയിൽ ഡെവലപ്മെന്റ് ആക്ഷൻ പ്ലാനിൽ,......... എഞ്ചിനുണ്ട്, പക്ഷേ എഞ്ചിനനുസരിച്ച് ബോഗിയില്ല. എഞ്ചിനനുസരിച്ച് ബോഗിയുണ്ടാവുകയാണ് ഞങ്ങളുടെ അടുത്ത പത്ത് കൊല്ലക്കാലത്തെ പദ്ധതിയെന്ന് ഇന്ത്യൻ റെയിൽവേ പ്ലാനിംഗ് ബോർഡിന് കൊടുത്ത റിപ്പോർട്ടിൽ പറയുകയാണ്. വാഗണില്ലാ

ത്ത, ബോഗിയില്ലാത്തിന്റെ പ്രശ്നമാണല്ലോ ഇന്നലത്തെ പത്രങ്ങളിലെല്ലാം വന്നത്. ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ കൊച്ചുവേളി–ബാംഗ്ലൂർ ട്രെയിനിന്റെ ബോഗി ഷണ്ടിംഗിനിടെ തകർന്നുവെന്ന വാർത്ത വന്നിരിക്കുന്നു. ഈ ബോഗി ഷണ്ടിംഗിനിടെ തകർന്നതുകൊണ്ട് ആർക്കും ഒന്നും പറ്റിയില്ല. യാത്രക്കിടയിലാണ് തകർന്നതെങ്കിലോ എത്ര ആളുകളുടെ ജീവനാണ് പൊലിയുക. ഇവിടത്തെ ബോഗികൾ ദുർബ്ബലവും പഴയതുമാണ്. ഏറ്റവും മോശപ്പെട്ട ബോഗികളാണ് കേരളത്തിൽ ഉപയോഗിക്കുന്നത്. കോച്ച് ഫാക്ടറിവന്നാൽ നാലായിരം പേർക്ക് പ്രത്യക്ഷമായും പതിനായിരം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. ആയിരം കോടി രൂപ മുതൽ മുടക്കുള്ളതാണ് ഈ പദ്ധതിയെന്ന് പറയുകയുണ്ടായി. ശ്രീ. ത്രിവേദി ഇവിടെ പാലക്കാട് വന്ന് തറക്കില്ലട്ടപ്പോൾ അത് 550 കോടി രൂപയായി ചുരുങ്ങി. കഞ്ചിക്കോട് എത്ര കണ്ണായസ്ഥലമാണ് റെയിൽവേയ്ക്ക് കൊടുത്തത്. ഇന്ത്യൻ റെയിൽവേയുടെ ഇലക്ട്രിഫൈ ചെയ്തിട്ടുള്ള ട്രാക്കിനുസമീപം, നാഷണൽ ഹൈവേയുടെ അടുത്തുള്ള സ്ഥലം, ഇങ്ങനെ തന്ത്രപ്രധാനമായൊരു സ്ഥലം കോച്ച് ഫാക്ടറിക്ക് കൊടുത്തിട്ട്, കഞ്ചിക്കോട് പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ തറക്കല്ലിടുന്നതിനുപകരം അത് കോട്ടമൈതാനിയിലേയ്ക്ക് മാറ്റിയത് എന്തിനാണ്. മാത്രമല്ല, പ്രതിപക്ഷനേതാവിന്റെ അനുമതി ചോദിച്ച് അദ്ദേഹത്തെകൂടി പങ്കെടുപ്പിച്ച് ആ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചാൽ കുഴപ്പമെന്തായിരുന്നു. അങ്ങനെ പ്രതിപക്ഷനേതാവിനെപ്പോലും അവഗണിച്ച് അവിടെ തറക്കല്ലിടുകയാണ് ചെയ്തത്. ഇതോടൊപ്പം പ്രഖ്യാപിച്ച മറ്റൊന്നാണ് റായ്ബറേലി കോച്ച് ഫാക്ടറി. അതിന്റെ നിർമ്മാണപ്രവർത്തനം ഇപ്പോൾ ആരംഭിച്ചു. അതിനായി

റെയിൽവേ തന്നെ സ്ഥലമെടുത്തു. റെയിൽവേ സ്ഥലമെടുത്ത് റായ്ബറേലി കോച്ച് ഫാക്ടറിയിൽ ഉൽപ്പാദനം തുടങ്ങിയിട്ടും കേരളത്തിന്റെ ഭൂമി റെയിൽവേയുടെ കൈകളിലേയ്ക്ക് പോയിയെന്നതു മാത്രമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. കേരള മന്ത്രിസഭയിലെ ഒരംഗത്തിന്റെ മന്ത്രിസഭാ സ്ഥാനം പോലും പോയ, കേരളം കത്താൻ പോകുന്നൊരു വിഷയമാണിത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ഗവൺമെന്റ് കൊടുത്ത ഉറപ്പ് പാലിക്കണം. സംസ്ഥാന ഗവൺമെന്റിന്റെ ശ്രമഫലമായി കഞ്ചിക്കോട് കോച്ച് ഫാക്ടറി കൊണ്ടുവരാൻ സാധിക്കണം. കേരള മന്ത്രിസഭയിൽ നല്ല പ്രതികരണശേഷിയും കേന്ദ്ര ഗവൺമെന്റിൽ ഇടപെടൽ നടത്താൻ കഴിവുള്ള മന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദ് ഇടപെട്ട് കോച്ച് ഫാക്ടറി കേരളത്തിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുന്നു. ഇത് 2008–09–ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. ഇതിനായി 430.59 ഏക്കർ സ്ഥലം വേണമെന്ന് റെയിൽവേ ആവശ്യപ്പെടുകയും അത് നൽകാമെന്ന് ഗവൺമെന്റ് സമ്മതിക്കുകയും ചെയ്തു. എന്നാൽ അതിൽ പ്രൈവറ്റ് ഫോറസ്റ്റായി കിടക്കുന്ന കുറച്ചുസ്ഥലംകൂടി ബാക്കിയുണ്ട്. അതിപ്പോൾ ആവശ്യമില്ല. പക്ഷേ, അത്രയും ഭൂമി വേണ്ടെന്നും 239 ഏക്കർ ഭൂമി മതിയെന്നും റെയിൽവേ ബോർഡ് ഗവൺമെന്റിനെ അറിയിച്ചു. അത്രയും ഭൂമി ഇപ്പോൾ റെയിൽവേയുടെ കയ്യിലാണെങ്കിലും ഭൂമിയ്ക്ക് അന്ന് തീരുമാനിച്ചിട്ടുള്ള വിലയായി 33.70 കോടി രൂപ അവർ

തന്നിട്ടുണ്ട്. ഏതായാലും കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടതും ശ്രീ. ത്രിവേദി പറഞ്ഞതുമൊക്കെ ശരിയാണ്. ഞാനും ആ സമ്മേളനത്തിലുണ്ടായിരുന്നു. എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. എം. എം. ഹംസയും ആ ചടങ്ങിലുണ്ടായിരുന്നു. കോച്ച് ഫാക്ടറിയുടെ തറക്കല്ലിടൽ പരിപാടിയൊക്കെ തീരുമാനിക്കുന്നത് സെൻട്രൽ ഗവൺമെന്റിന്റെ ആളുകളാണ്. റെയിൽവേ മിനിസ്ട്രിയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഈ ചടങ്ങിലേയ്ക്ക് പ്രത്യേകം ക്ഷണിക്കണമെന്ന് ഗവൺമെന്റ് പറഞ്ഞിരുന്നതാണ്. പക്ഷേ, അന്ന് അദ്ദേഹത്തിന് സൗകര്യമില്ലാതെ പോയിയെന്നാണ് മനസ്സിലാക്കുന്നത്. ഏതായാലും കേരള ഗവൺമെന്റ് അക്കാര്യത്തിൽ ഉത്തരവാദിയല്ല. ഒരു കാര്യം കൂടി പറയട്ടേ, ഇതിന്റെ പാർട്ട്ണറെ കണ്ടെത്തുവാനുള്ള കൺസൾട്ടൻസിയായി റിട്ട്സിനെ ഏൽപ്പിക്കുകയും അവർ ഇന്റർനാഷണൽ ടെണ്ടർ വിളിച്ചെങ്കിലും ആരും വന്നില്ല. അവസാനം സെയിൽ (SAIL) എന്ന പബ്ലിക് സെക്ടർ സ്ഥാപനം അതിന് തയ്യാറായിയെങ്കിലും സെയിലും റെയിവേയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായതിനാൽ ഈ അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. ഏതായാലും ആർ.എഫ്.ക്യൂ വിളിച്ചിരുന്നു. അതിന് സെയിൽ തയ്യാറായിയെന്നാണ് അറിയാൻ സാധിച്ചത്. ഇക്കാര്യം എല്ലാവർഷവും പാർലമെന്റ് ബഡ്ജറ്റ് അവതരണത്തിനു മുമ്പായി കേരള ഗവൺമെന്റ് കേന്ദ്ര റെയിൽവേ മന്ത്രിയെ അറിയിക്കാറുണ്ട്. മാത്രമല്ല, എം.പി. മാരുടെയോഗത്തിലും ഇക്കാര്യം സ്ഥിരം അജണ്ടയായി ചർച്ച ചെയ്യാറുണ്ട്. എം.പി.മാരെല്ലാം വളരെ താൽപ്പര്യത്തോടുകൂടി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടെന്നുള്ളതാണ് സത്യം. പക്ഷേ, പദ്ധതി നടക്കാതെ പോകുകയാണ്. 27–11–2013

ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ചചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. അക്കാര്യം എം.പി.മാർ പാർല മെന്റിൽ ഉന്നയിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, 2014 ജനുവരി മാസത്തിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ട് ഇതുസംബന്ധിച്ച് പ്രത്യേകം നിവേദനം നൽകിയിട്ടുണ്ട്. ആ നിവേദനത്തിന്മേൽ ഉടൻതന്നെ റെയിൽവേ ബോർഡ് ചെയർമാനുമായി ചർച്ച ചെയ്ത് ആവശ്യമായ ഡയറക്ഷൻ നൽകാമെന്ന് പ്രധാനമന്ത്രി പറയുകയും ചെയ്തു. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും 23–01–2014–ൽ റെയിൽവേ ബോർഡ് ചെയർമാന് ലഭിച്ച നിർദ്ദേശത്തിൽ കേരള ഗവൺമെന്റുമായി ആലോചിച്ച് ഒരു ഫോർമുല കണ്ടെത്തി അടിയന്തരമായി ഇത് നിർവ്വഹിക്കുവാനുള്ള നടപടി കൈക്കൊള്ളണമെന്ന് പറഞ്ഞിട്ടുണ്ട്. അതാണ് ഇന്നത്തെ സ്ഥിതി. ഏതായാലും കേരള ഗവൺമെന്റ് എല്ലാ ഘട്ടത്തിലും ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ജോയിന്റ് വെഞ്ചർ വേണോ പി.പി.പി. അടിസ്ഥാനത്തിൽ വേണോ എന്നുള്ള തർക്കത്തെച്ചൊല്ലിയും അവസാനം സ്ഥലം അവർ ഏറ്റെടുത്ത് നടത്താമെന്ന് പറഞ്ഞുകൊണ്ടും പാർട്ട്ണറെ കിട്ടാത്തതുകൊണ്ടുമുള്ള പല കാരണങ്ങളാൽ ഈ പ്രോജക്ട് തുടങ്ങുന്നതിന് കാലതാമസം നേരിട്ടു. എന്നാലും ഈ കാലതാമസത്തിന് ഒരു ജസ്റ്റിഫിക്കേഷനില്ലെന്നുള്ള കാര്യം സമ്മതിക്കുന്നു. അവസാനമായി മുഖ്യമന്ത്രിയുടെ ഇടപെടലിന്റെ ഫലമായി ഇതിനൊരു പരിഹാരം ഉടൻതന്നെ ഉണ്ടാകുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം.

<u>ശ്രീ. എം. എം. ഹംസ</u>: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടിയിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്ന ഏജൻസി ഏതാണെ

ന്നോ ഇത് എന്ന് നടപ്പിലാക്കുമെന്നോ ഉറപ്പുപറയാൻ കഴിയാത്ത നിസ്സഹായാവസ്ഥയാണ് കാണാൻ സാധിച്ചത്. കേരളത്തിന് വേണ്ടത് നിസ്സഹായാവസ്ഥയല്ല. കോച്ച് ഫാക്ടറിയാണ്. ആ കോച്ച് ഫാക്ടറിക്കുവേണ്ടി എന്ത് ചെയ്യുമെന്നും എന്നത്തേയ്ക്ക് കോച്ച് ഫാക്ടറി നടപ്പിലാക്കുമെന്നതിനെ സംബന്ധിച്ചും കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷയ്ക്ക് വകയുണ്ടോ എന്നുള്ള കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയണം; ഇപ്പോൾ കൂടുന്ന പാർലമെന്റ് സമ്മേളനത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് വീണ്ടും ഇടപെടൽ നടത്തുകയും അവിടെവച്ച് ഒരു ഉറപ്പുകിട്ടാനാവശ്യമായ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ പറഞ്ഞതുപോലെ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പായി കേന്ദ്രത്തിൽ ഇടപെടൽ നടത്താനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇക്കാര്യം എം.പി.മാരുമായി ഡിസ്കസ് ചെയ്തിട്ടുണ്ട്. നവംബർ മാസത്തിലെ എം.പി.മാരുടെ കോൺഫറൻസിൽ പ്രധാന അജണ്ട ഇതായിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഒരു മെമ്മോറാണ്ടം നൽകിയതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ വന്നിട്ടുള്ള ഡയറക്ഷനെ പറ്റിയാണ് ഇവിടെ പറഞ്ഞത്. ഈ പ്രോജക്ട് അടിയന്തരമായി തുടങ്ങണമെന്നും അതിന്റെ എല്ലാ കാര്യങ്ങളും കേരള ഗവൺമെന്റുമായി ഡിസ്കസ് ചെയ്യണമെന്നും അതിനൊരു ഫോർമുല തയ്യാറാക്കണമെന്നും ആ ഫോർമുലയും അതിന്റെ ബാക്കിയുള്ള കാര്യങ്ങളും എല്ലാ സന്ദർഭങ്ങളിലും പ്രധാനമന്ത്രിയുടെ ഓഫീസിനേയും കേരള ഗവൺമെന്റിനേയും അറിയിക്കണമെന്നും റെയിൽവേ ബോർഡ് ചെയർമാന് നിർദ്ദേശം നൽകിയതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ശുഭാപ്തി വിശ്വാസമാണുള്ളത്.

(സബ്മിഷൻ)